**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 691** **24-08-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ആർ.ഡി.എസ്.എസ്. ൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 12 km 33 kV ഗുരുവായൂർ - ചാവക്കാട് - ബ്ളാങ്ങാട് ലൈൻ Covered conductor ആക്കി മാറ്റുന്ന പ്രവൃത്തി ഗുരുവായൂർ നിയോജക- മണ്ഡലത്തിന്റെ കീഴിൽ 2022-23 സാമ്പത്തിക വർഷത്തിൽ ആർ.ഡി.എസ്.എസ്-ൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.<br><br>ഇതു കൂടാതെ 3 കോടി രൂപ ചെലവഴിച്ച്, പഴയ LT ലൈൻ മാറ്റി ABC Cable ഉപയോഗിച്ച് ലൈൻ നവീകരണ പ്രവൃത്തികൾ RDSS-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>പഴയ LT ലൈൻ മാറ്റി പുതിയത് വലിക്കൽ, പി.എസ്.സി പോസ്റ്റ് ഉപയോഗിച്ച് LT ത്രീഫേസ് OH ലൈൻ നവീകരിക്കൽ തുടങ്ങിയ പദ്ധതികൾ RDSS –ൽ ഉൾപ്പെടുത്തി 332.63 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | HT ലൈനിന്റെ നിർമ്മാണം, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, പുതിയ LT ലൈൻ വലിക്കൽ, ലൈൻ കൺവേർഷൻ, പഴയ LT ലൈൻ മാറ്റി പുതിയത് വലിക്കൽ, പഴയ HT ലൈൻ മാറ്റി പുതിയത് വലിക്കൽ, 100 KVA ട്രാൻസ്ഫോർമർ ഉൾപ്പെടുത്തൽ - തുടങ്ങിയ പദ്ധതികൾ 'ദ്യുതി – 2-ൽ' ഉൾപ്പെടുത്തി 396.38 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ